**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്രയായിരുന്നു; ജീവനക്കാരുടെ ആത്മാർത്ഥമായ ശ്രമഫലമായി റെക്കോഡ് കളക്ഷൻ നേടാൻ കഴിയുമ്പോഴും മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസത്തിലെടുക്കുന്നില്ലെന്ന് പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റിന്റെ ഏകപക്ഷീയ നടപടികൾ പരിശോധനാവിധേയമാക്കുമോ; | (എ) | കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന കളക്ഷൻ 6.35 കോടി രൂപയാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ക്രമാനുഗതമായി വർദ്ധിച്ച് വരികയാണ്. മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനായി എല്ലാ വിഭാഗം ജീവനക്കാരുടെയും ആത്മാർത്ഥമായ സേവനവും പരിശ്രമവും ലഭിച്ചിട്ടുണ്ട്.<br><br>മാനേജ്മെന്റും ജീവനക്കാരും നല്ല രീതിയിൽ പരസ്പര വിശ്വാസത്തോടെ പ്രവർത്തിച്ചതിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസത്തിൽ എടുക്കുന്നില്ലെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കെ.എസ്.ആർ.ടി.സി.യിലെ പുനരുദ്ധാരണ പദ്ധതികൾ എല്ലാംതന്നെ അംഗീകൃത യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്ത്, യൂണിയനുകളേയും ജീവനക്കാരേയും വിശ്വാസത്തിലെടുത്താണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | ശമ്പളം നൽകുന്നതിനെ ടിക്കറ്റ് വരുമാനലക്ഷ്യം നേടുന്നതുമായി ബന്ധപ്പെടുത്തുന്നത് ശാസ്ത്രീയമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും, സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ ഓരോ യൂണിറ്റും മേഖലകളും പ്രോഫിറ്റ് സെന്ററുകളായി പ്രവർത്തിക്കണമെന്നും ആയതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ഓരോ യൂണിറ്റിന്റെയും വരവും ചെലവും പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിന് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഓരോ യൂണിറ്റിലും കൂട്ടായ പരിശ്രമത്തിലൂടെ ടാർജറ്റ് വരുമാനം നേടേണ്ടത് സ്ഥാപനത്തിന്റെ ഓരോ ജീവനക്കാരന്റെയും ഉദ്യോഗസ്ഥരുടെയും കർത്തവ്യമാണ്. ഇത്തരത്തിൽ കഴിഞ്ഞ 9 മാസമായി കർത്തവ്യനിർവ്വഹണത്തിന് കൃത്യമായ ടാർജറ്റും പരിശോധനയും നടത്തുകയും മികച്ച പ്രവർത്തനത്തിന് ഇൻസെന്റീവും മോശം പ്രവർത്തനം നടത്തുന്നവരെ തിരുത്തൽ നടപടികൾ സ്വീകരിച്ച് മെച്ചപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഓരോ ഡിപ്പോകൾക്കും ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകണം എന്ന നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | സേവന താല്പര്യം ഹനിക്കാതെതന്നെ ഉചിതമായ ഷെഡ്യൂൾ പുന:ക്രമീകരണത്തിലൂടെയും മെച്ചപ്പെട്ട വാഹന വിനിയോഗത്തിലൂടെയും കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഓരോ യൂണിറ്റിലും മാനവവിഭവശേഷി ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻകാലത്ത് യാത്രാവശ്യം പരിഗണിക്കാതെ നടത്തിയിരുന്ന നഷ്ടത്തിലുള്ള ട്രിപ്പുകൾ ഒഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും ലഭ്യമായ പരമാവധി ജീവനക്കാരേയും ഐഡിൽ ആയി കിടക്കുന്ന ബസ്സുകളേയും മറ്റ് വിഭവങ്ങളും ഉപയോഗിച്ച് പൊതുജനോപകാരപ്രദമായതും ലാഭകരമായതുമായ സർവ്വീസുകൾ നടത്തേണ്ടതും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷന് വളരെ അത്യാവശ്യമാണ്. ഒപ്പം വർദ്ധിച്ച് വരുന്ന ഇന്ധന വിലയ്ക്കനുസരിച്ച് കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്നതിനും സമയബന്ധിതമായി വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | വാഹന വിനിയോഗം വർദ്ധിപ്പിക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനം താഴെപ്പറയുന്ന പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.<br><br>സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾ പ്രൊഡക്ഷൻ യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>22 ജില്ല / സബ് ജില്ല വർക്ക്ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു.<br><br>ഡിപ്പോ ഗ്യാരേജുകൾ പ്രതിദിന മെയിന്റനൻസ് നിർവ്വഹിക്കുന്നതിനായി ക്രമീകരിച്ചു.<br><br>കൂടാതെ വാഹന പരിപാലനത്തിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിലേക്കായി ഫ്ലോട്ട് യൂണിറ്റുകൾ ആധുനിക ടൂൾസ് ആന്റ് എക്യുപ്മെന്റ്സ് എന്നിവ ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മേൽ പ്രവർത്തനങ്ങളുടെ പൂർണ്ണതയിൽ പരമാവധി വാഹന വിനിയോഗം സാധ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ